**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4055** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **1) പ്രാഥമികാരോഗ്യ കേന്ദ്രം ഏരുവേശ്ശി**<br><br>കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 12 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ചു. മരുന്ന് വിതരണ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അനുവദിച്ചു. പുതിയ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ ഫണ്ടിൽ നിന്ന് 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>**2) കുടുംബാരോഗ്യ കേന്ദ്രം ഉളിക്കൽ**<br><br>കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഭാഗമായി എൻ.എച്ച്.എം ഫണ്ട് 27ലക്ഷവും എൽ.എസ്.ജി ഡി ഫണ്ട് 20 ലക്ഷവും ഉപയോഗിച്ച് വികസന പ്രവർത്തനം നടത്തിയിട്ടുണ്ട്.<br><br>**3) കുടുംബാരോഗ്യ കേന്ദ്രം ഉദയഗിരി**<br><br>കുടുംബാരോഗ്യ കേന്ദ്രം ഉദയഗിരിയുടെ റൂഫിംഗ് വർക്ക് ചെയ്യുന്നതിന് ഏഴ് ലക്ഷം രൂപയുടെയും സോളാർ പാനൽ സ്ഥാപിക്കുന്നതിന് അഞ്ച് ലക്ഷം രൂപയുടെയും പ്രവൃത്തി നടത്തിയിട്ടുണ്ട്.<br><br>**4)പ്രാഥമികാരോഗ്യ കേന്ദ്രം, ചെങ്ങളായി**<br><br>ചെങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് എൻ.എച്ച്.എം മുഖേന 15 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ചു. പഞ്ചായത്ത് പ്രോജക്ട് മുഖേന ഒരു ഫാർമസിസ്റ്റിനെ നിയമിച്ചു. ആശുപത്രി പ്രവർത്തനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചു. ആശുപത്രി കോമ്പൗണ്ടിൽ റൂഫിംഗ് പണികൾ നടത്തി ടൈലിട്ട് പാർക്കിംഗ് ഏരിയ ക്രമീകരിച്ചു. പഞ്ചായത്ത് ഫണ്ട് 13.78 ലക്ഷം രൂപ ഉപയോഗിച്ച് പുതുതായി |

നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു. 2024 മെയ് 20 മുതൽ ആശുപത്രിയിൽ ഇ ഹെൽത്ത് പദ്ധതി ആരംഭിച്ചു.

**5) പ്രാഥമികാരോഗ്യകേന്ദ്രം, ചന്ദനക്കാംപാറ**

പയ്യാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചന്ദനക്കാംപാറ പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം ഫണ്ട് 6 ലക്ഷം രൂപ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് എച്ച് എം സി യുടെ തീരുമാന പ്രകാരം പുതുതായി ഒരു ലാബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

**6) താലൂക്ക് ആശുപത്രി ഇരിക്കൂർ**

ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ എന്ന വർക്കിനു വേണ്ടി സംസ്ഥാന പദ്ധതി വിഹിതം മുഖേന 1.24 കോടി രൂപ ചെലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തി അന്തിമ ഘട്ടത്തിലാണ്.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 11.3 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**7) പ്രാഥമികാരോഗ്യകേന്ദ്രം, കുടിയാന്മല**

ഇരിക്കൂർ മണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം കുടിയാന്മലയിൽ എം.എൽ.എ (എ.ഡി.എസ്) ഫണ്ട് വിനിയോഗിച്ച് 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**8) പ്രാഥമികാരോഗ്യകേന്ദ്രം ആലക്കോട് (മണക്കടവ്)**

പി.എച്ച് സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഒ.പി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

**9) സാമൂഹികാരോഗ്യകേന്ദ്രം കുട്ടുമുഖം,**

കുട്ടുമുഖം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സബ് സെന്റർ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. കാഞ്ഞിലേരി കോട്ടൂർ, നിടിയേങ്ങ എന്നീ സബ് സെൻററുകൾ ഓരോന്നും 7 ലക്ഷം രൂപ എൻ.എച്ച് എം ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | **<u>10) പ്രാഥമികാരോഗ്യകേന്ദ്രം, നടുവിൽ</u>**<br><br>₹43,15,387/- രൂപ (നാൽപ്പത്തി മൂന്ന് ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറ്റി എൺപത്തിഎഴ് രൂപ) ചെലവഴിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നു. |
| (ബി) | ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ